**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 296** **23-01-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ 'സുഭിക്ഷ ഹോട്ടൽ' ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനു ബഹു. നെയ്യാറ്റിൻകര എം.എൽ.എ മുഖാന്തിരം സ്ഥലവും നടത്തിപ്പിനുള്ള ഏജൻസിയും കണ്ടെത്തി സമർപ്പിച്ചിരുന്നെങ്കിലും, സമയബന്ധിതമായി ഹോട്ടൽ ആരംഭിക്കാൻ സാധിക്കാതെ വരികയും, തുടർന്ന് പ്രസ്തുത കടമുറി മറ്റ ആവശ്യങ്ങൾക്കായി കെട്ടിട ഉടമ വാടകക്ക് നൽകുകയും ചെയ്തതിനാൽ, ഹോട്ടൽ ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനു ശേഷം റേഷനിംഗ് ഇൻസ്പെക്ടർ മുഖേന അന്വേഷണം നടത്തിയെങ്കിലും ഹോട്ടൽ ആരംഭിക്കുവാൻ ആരും സന്നദ്ധത അറിയിച്ചിട്ടില്ല. |
| (ബി) | 'സുഭിക്ഷ ഹോട്ടൽ' ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള സ്ഥലം, നടത്തിപ്പിനുള്ള ഏജൻസി എന്നിവ എം.എൽ.എ യോ മറ്റ് പ്രധാനപ്പെട്ട ജന പ്രതിനിധികളോ നിർദ്ദേശിക്കുന്ന പക്ഷം, ആയതിനെക്കുറിച്ച് താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷിച്ച സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിക്കുന്നതും, അതിന്മേൽ ജില്ലാ സപ്ലൈ ഓഫീസർ മേൽ നടപടി സ്വീകരിച്ച് വകുപ്പുതലത്തിലുള്ള അനുമതിയോടു കൂടി ഹോട്ടൽ ആരംഭിക്കുവാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ